പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 34 26.09.2011ൽ മറുപടിയ്ക്ക്

## അന്വേഷണ കമ്മീഷനുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ സി. ദിവാകരൻ :<br>ശ്രീ വി. ശശി : | ശ്രീ ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര അന്വേഷണ കമ്മീഷനുകൾ പ്രവർത്തിക്കുന്നുണ്ട്, അവ ഏതെല്ലാം ; | എ) വിവരം ശേഖരിച്ചു വരുന്നു. |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അന്വേഷണ കമ്മീഷനുകളെ പിരിച്ചു വിട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം കമ്മീഷനുകളെന്നും ഇവയെ പിരിച്ചുവിടാനുണ്ടായ കാരണങ്ങളും വിശദമാക്കാമോ ; | ബി) ഉണ്ട്. കാസർഗോഡ് വെടിവെപ്പ് സംഭവം അന്വേഷിക്കാൻ നിയോഗിച്ചിരുന്ന ശ്രീ എം. എ. നിസ്സാർ കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിച്ചുകൊണ്ട് ഈ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കാസർഗോഡ് പോലീസ് വെടിവെപ്പിൽ മരണമടഞ്ഞ മുഹമ്മദ് ഷെഫീക്കിന്റെ പിതാവ് ബഹു. കേരള ഹൈക്കോടതിയിൽ സമർപ്പിച്ച 11304/10 നമ്പർ റിട്ട് പെറ്റീഷൻ (സിവിൽ) - ൽ 24.09.2010 - ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ കാസർ ഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 85/2010 കേസ്സിന്റെ അന്വേഷണം സി. ബി. ഐ. യ്ക്ക് കൈമാറുന്നതിനും ഹർജിക്കാരന് അഞ്ച് ലക്ഷം രൂപ നഷ്ട പരിഹാരം നൽകുന്നതിനും ഉത്തരവിട്ടിരുന്നു. പ്രസ്തുത വിധിയ്ക്കെതിരെ സർക്കാർ 1964/10 നമ്പർ റിട്ട് അപ്പീൽ ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്നെ ങ്കിലും പ്രസ്തുത അപ്പീൽ പിൻവലിക്കുന്നതിന് സർക്കാർ തീരുമാനിച്ചു. കാസർഗോഡ് വെടിവെപ്പ് സംബന്ധിച്ച് സി. ബി. ഐ. അന്വേഷണം നടത്തുമ്പോൾ അന്വേഷണ കമ്മീഷന്റെ തുടർന്നുള്ള പ്രവർത്തനം ആവശ്യ മില്ലെന്ന് കണ്ടതിനാലാണ് കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിച്ചത്. |
| സി) കാസർഗോഡ് കലാപം അന്വേഷിക്കുന്ന കമ്മീഷനെ നിയമിച്ചതെന്നാണ് ; ഈ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | സി) 12.01.2011 - ലെ 84500/എസ്. എസ്. എ2/2009/ആഭ്യന്തരം നമ്പർ വിജ്ഞാപന പ്രകാരമാണ് കാസർഗോഡ് വെടിവെപ്പ് സംഭവം അന്വേഷിക്കാൻ ശ്രീ എം. എ. നിസ്സാർ കമ്മീഷനെ നിയമിച്ചത്.<br><br>കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് താഴെപ്പറയും പ്രകാരമായിരുന്നു : |

--- --- ---

1. To enquire into the facts and circumstances which led to the incidents at Kasaragod Town on 15.11.2009, resulting in police firing, death of two persons and damage to properties.
2. To enquire whether there was any involvement of outside persons in precipitating the incidents.
3. To enquire whether the firing resorted to by the police on 15.11.2009 at Kasaragod Town was justified, and, if not, the person or persons responsible.
4. To look into such other aspects as are incidental to and arising out of the matter.

| | |
|---|---|
| ഡി) ഈ അന്വേഷണ കമ്മീഷൻ ഇപ്പോൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിക്കുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; | ഡി) ഇല്ല. കാസർഗോഡ് പോലീസ് വെടിവെപ്പിൽ മരണ മടഞ്ഞ മുഹമ്മദ് ഷെഫീക്കിന്റെ പിതാവ് ബഹു. കേരള ഹൈക്കോടതിയിൽ സമർപ്പിച്ച 11304/10 നമ്പർ റിട്ട് പെറ്റീഷൻ (സിവിൽ) - ൽ 24.09.2010 - ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ കാസർ ഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 85/2010 കേസ്സിന്റെ അന്വേഷണം സി. ബി. ഐ. ക്ക് കൈമാറുന്നതിനും ഹർജിക്കാരന് അഞ്ച് ലക്ഷം രൂപ നഷ്ട പരിഹാരം നൽകുന്നതിനും ഉത്തരവിട്ടിരുന്നു. പ്രസ്തുത വിധിക്കെതിരെ സർക്കാർ 1964/10 നമ്പർ റിട്ട് അപ്പീൽ ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത അപ്പീൽ പിൻവലിക്കുന്നതിന് സർക്കാർ തീരുമാനിച്ചു. കാസർഗോഡ് വെടിവെപ്പ് സംബന്ധിച്ച് സി. ബി. ഐ. അന്വേഷണം നടത്തുമ്പോൾ അന്വേഷണ കമ്മീഷന്റെ തുടർന്നുള്ള പ്രവർത്തനം ആവശ്യമില്ലെന്ന് കണ്ടതിനാലാണ് കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിച്ചത്. |
| ഇ) ഈ അന്വേഷണ കമ്മീഷനെ പിരിച്ചുവിട്ടത് എന്നാണ് ? | ഇ) 04.08.2011 - ലെ 52809/എസ്.എസ്.എ2/2011/ആഭ്യന്തരം നമ്പർ സർക്കാർ വിജ്ഞാപനത്തിലൂടെയാണ് ശ്രീ എം. എ. നിസ്സാർ അന്വേഷണ കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിച്ചത്. |

സെക്ഷൻ ഓഫീസർ